"ഭരണഭാഷ - മാതൃഭാഷ"

Q1/100036/2019/Coll.Edn

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,;
തിരുവനന്തപുരം.
തീയതി: 18/1/2020
ഫോൺ: 0471-2306580
ഇ-മെയിൽ: www.dcescholarship@gmail.com

## വിജ്ഞാപനം
## 2019-20 അദ്ധ്യയനവർഷത്തെ സാഹിത്യ പ്രതിഭകളെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പിന്റെ വിജ്ഞാപനം

2019-20 അദ്ധ്യയന വർഷത്തിൽ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ/ സർക്കാർ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യുവജനോത്സവത്തിന് കഥാരചന, കവിതാരചന, ഉപന്യാസം (ഇംഗ്ലീഷ്/മലയാളം/ഹിന്ദി) എന്നീ ഇനങ്ങളിലെ വ്യക്തിഗതപ്രതിഭകൾക്കായുള്ള സ്കോളർഷിപ്പ് നൽകുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. 2019-20 അദ്ധ്യയന വർഷം ഹയർ സെക്കന്ററി സ്കൂൾ/യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ ടി സാഹിത്യ രചനാ മത്സരങ്ങളിൽ 'എ' ഗ്രേഡ് കരസ്ഥമാക്കിയതും നിലവിൽ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ/ സർക്കാർ ആർട്ട്സ് & സയൻസ് കോളേജിൽ പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥിയുടെ വിവരങ്ങൾ (പേര്, സ്ഥാപനം, അഡ്രസ്, 'എ' ഗ്രേഡ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ആധാർ നമ്പർ, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് നമ്പർ) അടങ്ങിയ അപേക്ഷകൾ സ്ഥാപന മേധാവിയുടെ ശുപാർശയോടുകൂടി **'സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം'** എന്ന മേൽവിലാസത്തിൽ എത്തിക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 15-02-2020. കൂടുതൽ വിവരങ്ങൾക്ക് 9446780308, 9446096580, 0471-2306580 എന്നീ നമ്പരിലോ www.dcescholarship.com എന്ന സൈറ്റുമായോ ബന്ധപ്പെടേണ്ടതാണ്.

18/1/2020

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ശ്രീജ/18-01-20